"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ്- ബഡ്ജറ്റ് പ്രവൃത്തി- 2025-26 -പാലക്കാട് ജില്ല- തരൂർ നിയോജക മണ്ഡലം **'കാവശ്ശേരി ഗ്രാമ പഞ്ചായത്ത് ഗ്രാമീണ റോഡുകളുടെ നവീകരണം (ആനമാറി ഹംസ കച്ചേരി റോഡ് - 15 ലക്ഷം, 2.ചേറുംകോട് അംഗൻവാടി റോഡ് -15 ലക്ഷം, ചീനിക്കോട്ട് റോഡ്: 15 ലക്ഷം, 4.തെക്കേക്കളം റോഡ്: 15 ലക്ഷം)'** എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.1692/2026/LSGD തീയതി,തിരുവനന്തപുരം, 08-09-2026

---

പരാമർശം:- 1. 28/04/2021 ലെ GO(P)67/2021/Fin സർക്കാർ ഉത്തരവ്

2. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 29/01/26, 24/05/2026 തീയതികളിലെ LSGD/PD/39705/2025-EW6 നമ്പർ കത്ത്

**ഉത്തരവ്**

2025-2026 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II -ൽ ക്രമ നമ്പർ. 1767 ആയി ഉൾപ്പെടുത്തി 20% തുക വകയിരുത്തിയ പാലക്കാട് തരൂർ നിയോജകമണ്ഡലം"**കാവശ്ശേരി ഗ്രാമ പഞ്ചായത്ത് ഗ്രാമിണ റോഡുകളുടെ നവീകരണം (ആനമാറി ഹംസ കച്ചേരി റോഡ് - 15 ലക്ഷം, 2.ചേറുംകോട് അംഗൻവാടി റോഡ് - 15 ലക്ഷം, ചീനിക്കോട്ട് റോഡ്: 15 ലക്ഷം, 4.തെക്കേക്കളം റോഡ്: 15 ലക്ഷം)**" എന്ന പ്രവൃത്തിക്ക് 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുക കണക്കാക്കി 12 ലക്ഷം രൂപ (20%) വകയിരുത്തിയിട്ടുണ്ട്. ബഹു. തരൂർ നിയോജകമണ്ഡലം എം എൽ എ യുടെ നിർദ്ദേശാനുസരണം അക്രഡിറ്റ് ഏജൻസി മുഖേന PMC വ്യവസ്ഥയിൽ പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായും, പാലക്കാട് ജില്ലാപഞ്ചായത്ത് കാര്യാലയത്തിന്റെ ഓഫീസ് നടപടിക്രമത്തിന്റേയും അടിസ്ഥാനത്തിൽ സർക്കാർ അംഗീകൃത അക്രഡിറ്റ് ഏജൻസികളിൽനിന്നും PMC വ്യവസ്ഥയിൽ ടെണ്ടർ ക്ഷണിക്കുകയും, ഏറ്റവും കുറവ് സെൻ്റേജ് നിരക്കായ **5.3% രേഖപ്പെടുത്തിയ M/s. KEL മാമല, കൊച്ചി** എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതിനെ തുടർന്ന് പ്രസ്തുത സ്ഥാപനം Price Software ൽ തയ്യാറാക്കി സമർപ്പിച്ച **60 ലക്ഷം രൂപയുടെ** എസ്റ്റിമേറ്റും, അനുബന്ധരേഖകളും, DPR സഹിതം ഭരണാനുമതി ലഭ്യമാക്കുന്നതിലേക്കായി തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-2026 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II -ൽ ക്രമ നമ്പർ. 1767 ആയി ഉൾപ്പെടുത്തി 20% തുക വകയിരുത്തിയ പാലക്കാട് തരൂർ നിയോജകമണ്ഡലം"**കാവശ്ശേരി ഗ്രാമ പഞ്ചായത്ത് ഗ്രാമീണ റോഡുകളുടെ നവീകരണം (ആനമാറി ഹംസ കച്ചേരി റോഡ് - 15 ലക്ഷം,**

**2.ചേറുംകോട് അംഗൻവാടി റോഡ് -15 ലക്ഷം, ചീനിക്കോട്ട് റോഡ്: 15 ലക്ഷം, 4,തെക്കേക്കളം റോഡ്: 15 ലക്ഷം)** " എന്ന പ്രവൃത്തിയ്ക്ക് ; അക്രഡിറ്റഡ് ഏജൻസികളുടെ തിരഞ്ഞെടുപ്പ്, അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പ്രവൃത്തി നിർവഹണം എന്നിവ സംബന്ധിച്ച് പരമാർശം (1) സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പാലിച്ചിരിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ, **60 ലക്ഷം രൂപയുടെ ( അറുപത് ലക്ഷം രൂപ മാത്രം**) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിയ്ക്ക് ആവശ്യമായ ചെലവ് '4515-00-800-92(NP) ' എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3) സെക്രട്ടറി, കാവശ്ശേരി ഗ്രാമപഞ്ചായത്ത്,പാലക്കാട് ജില്ല
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5) ധന(വികസന) വകുപ്പ്(3417255/Dev-3/57/2026-Fin) (AS/LGD/26/51794)
6) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
7) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ&പിആർഡി
8) കരുതൽ ഫയൽ (LSGD-DB2/111/2026-LSGD).

ഉത്തരവിൻ പ്രകാരം

Digitally signed by
Smitha. L
Date: 09-09-2026
13:47:33

സെക്ഷൻ ഓഫീസർ